പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3928 24.08.2017 -ൽ മറുപടിക്ക്

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയം

**ചോദ്യം**

ശ്രീമതി. പി.അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിന്റെ തുടർ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ പുരാവസ്തുവകുപ്പ് നടത്തിയിട്ടുണ്ട്. മഹാശിലായുഗ കാലഘട്ട ത്തിലെ ഒരു ഗ്യാലറിയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു ഗ്യാലറി കൂടി സജ്ജീകരിക്കുന്നതിന് സൗകര്യമുള്ളതിനാൽ കൂടുതൽ പുരാവസ്തുക്കൾ പ്രദർശിപ്പിച്ച് ഗ്യാലറി വിപുലമാക്കുവാൻ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മ്യൂസിയം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കി സന്ദർശകർക്ക് പ്രയോജനപ്പെടുത്തുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാ മ്യൂസിയം പ്രവർത്തിച്ച് വരുന്ന കെട്ടിടം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പടിഞ്ഞാറ്റിൻകര ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലായതിനാൽ ദേവസ്വം ബോർഡിന്റെ പൂർണമായ സഹകരണത്തോടുകൂടി മാത്രമേ സമഗ്രമായ വികസനം നടത്തുവാൻ പുരാവസ്തുവകുപ്പിന് സാധിക്കുകയുള്ളൂ. ഇവിടെ സ്ഥല പരിമിതിയാണ് വകുപ്പ് നേരിടുന്ന മറ്റൊരു പ്രശ്നം. കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാനുമായി ബന്ധപ്പെട്ട ഇളയിടത്തു സ്വരൂപത്തിന്റെ കീഴിലുള്ള കൊട്ടാരത്തെ സംരക്ഷിത സ്മാരക മാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ